# ഇസ്‌ലാം എന്ത്‌കൊണ്ട്‌ പന്നിമാംസം നിഷിദ്ധമാക്കി ?

[ Malayalam -മലയാളം -مليالم]

## ﴿ ما هو سبب تحريم لحم الخنزير في الاسلام؟ ﴾

## محمد صالح المنجد


പരിഭാഷ: മുഹമ്മദ്‌ കബീര്‍ സലഫി

ترجمة : محمد كبير سلفي



കോപറേറ്റീവ്‌ ഓഫീസ്‌ ഫോര്‍ കാള്‍ & ഗൈഡന്‍സ്‌

റബ്‌വ – റിയാദ്‌ – സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة

الرياض–المملكة العربية السعودية

islamhouse.com

1430 – 2009

بسم الله الرحمن الرحيم

الحمد لله، والصلاة والسلام على رسول الله.. وبعد:

ചോദ്യം: 'മാൾട്ട' എന്ന പ്രദേശത്ത് താമസമാക്കിയ അറബീ വംശജനാണ് ഞാൻ. ഇസ്‌ലാം പന്നിമാംസം നിഷിദ്ധമാക്കിയതിന്റെ കാരണമെന്താണെന്ന് എന്റെ കൂട്ടുകാർ എന്നോട് ചോദിക്കുന്നു. മറുപടി നൽകാമോ?

ഉത്തരം: അല്ലാഹുവിന് സ്തുതി. അല്ലാഹു കൽപിച്ച കാര്യങ്ങളിൽ അവനെ അനുസരിക്കുകയും  അവൻ വിരോധിച്ച കാര്യങ്ങളിൽ നിന്ന് പാടെ വിട്ടുനിൽക്കുകയുമാണ് അടിസ്ഥാനപരമായി ഒരു മുസ്‌ലിം ചെയ്യേണ്ടത്. അല്ലാഹുവിന്റെ കൽപനാ നിരോധങ്ങളിലെ യുക്തിയെന്താണെന്ന് അവന് ബോധ്യപ്പെട്ടാലും ഇല്ലെങ്കിലും, പ്രസ്തുത സംഗതികളെ മുഴുവൻ അംഗീകരിക്കുകയാണ് വേണ്ടത്. ശരീഅത്തിലെ ഏതെങ്കിലുമൊരു നിയമത്തെ, അതിലടങ്ങിയിരിക്കുന്നയുക്തിയെന്താണെന്ന് മനസ്സിലാകാത്തതിന്റെ പേരിൽ നിഷേധിക്കാനോ, പാലിക്കാതിരിക്കാനോ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം പാടുള്ളതല്ല. മറിച്ച്, ഹറാം, ഹലാൽ വിഷയങ്ങളിൽ പ്രമാണങ്ങളാൽ സ്ഥാപിതമായ മതവിധികളെ മുഴുവൻ അതേപടി അംഗീകരിക്കുകയാണ് വേണ്ടത്: അവയിലടങ്ങിയ ആന്തരിക താത്പര്യം മനസ്സിലായാലും ഇല്ലെങ്കിലും. അല്ലാഹു പറഞ്ഞു:

﴿ وَمَا كَانَ لِمُؤْمِنٍ وَلا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْراً أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَنْ يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلالاً مُبِيناً ﴾ الأحزاب/ 36

''അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു.'' (അഹ്സാബ്: 36)

﴿ إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَنْ يَقُولُوا سَمِعْنَا وَأَطَعْنَا وَأُولَئِكَ هُمُ الْمُفْلِحُونَ ﴾ النور/ 51.

‘‘തങ്ങൾക്കിടയിൽ(റസൂൽ)തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ.’’ (നൂർ: 51)

പന്നിമാംസത്തെ ഇസ്‌ലാം നിഷിദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഖുർആനിന്റെ ഖണ്ഡിതമായ നിയമമാണത്. അല്ലാഹു പറഞ്ഞു:

﴿ إِنَّمَا حَرَّمَ عَلَيْكُمُ الْمَيْتَةَ وَالدَّمَ وَلَحْمَ الْخِنْزِيرِ ﴾ البقرة/ 173

‘‘ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്കായി പ്രഖ്യാപിക്കപ്പെട്ടത് എന്നിവ അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു.’’ (ബഖറ: 173)

ഇക്കാരണം കൊണ്ടു തന്നെ ഒരു മുസ്‌ലിമിന് പന്നിമാംസം ഭക്ഷിക്കുന്നത് ഒരു നിലക്കും അനുവദനീയമല്ല. എന്നാൽ, കലശലായ വിശപ്പനുഭവപ്പെടുകയും, ഭക്ഷിക്കാൻ മറ്റൊന്നും ലഭിക്കാതിരിക്കുകയും ചെയ്യുന്ന വേളയിൽ ജീവിതത്തിന് അപകടം സംഭവിക്കുമെന്ന് ഭയന്നാൽ അവനത് തിന്നാവുന്നതാണ്. മതത്തിന്റെ പൊതു നിയമം തന്നെ, ‘നിർബന്ധിത ഘട്ടങ്ങൾ നിഷിദ്ധങ്ങളെ അനുവദനീയമാക്കും’ എന്നാണ്.
പന്നിമാംസം ഹറാമാക്കിയതിന്റെ കാരണമെന്താണെന്ന് ഇസ്‌ലാമിക പ്രമാണങ്ങളിൽ ഖണ്ഡിതമായി വിശദീകരിച്ചിട്ടില്ല. ‘അത് മ്ലേച്ഛമാണ്’ എന്ന അല്ലാഹുവിന്റെ പ്രസ്താവന മാത്രമേ അതു സംബന്ധമായി വന്നിട്ടുള്ളൂ. മതത്തിന്റെയും മനുഷ്യ പ്രകൃതിയുടേയും കണ്ണിൽ മോശമായിത്തീരുന്നതിനെ നാം ‘രിജ്സ്’ അഥവാ മേച്ഛമെന്ന് പറയാവുന്നതാണ്. പന്നിമാംസം എന്തുകൊണ്ട് ഇസ്‌ലാം നിഷിദ്ധമാക്കി എന്നതിന് ഈയൊരു ന്യായം തന്നെ മതിയാകുന്നതാണ്. ചില ഭക്ഷണ പാനിയങ്ങളെ നിഷിദ്ധമാക്കിയതിലുള്ള പൊതുവായ യുക്തി ഖുർആൻ വ്യക്തമാക്കിയിട്ടുള്ളത് ഇങ്ങനെയാണ്:

﴿ وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَائِثَ ﴾ الأعراف/ 157

“നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു.” (അഅ്റാഫ്: 157)

ഇതേ യുക്തി തന്നെയാണ് പന്നിമാംസം നിഷിദ്ധമാക്കിയതിലും ഉള്ളത്. ഇസ്‌ലാമിക ശരീഅത്തിന്റെ കണ്ണിൽ പന്നിമാംസം ചീത്ത വസ്തുക്കൾ എന്ന വകുപ്പിലാണ് എണ്ണപ്പെടുന്നത് എന്നർത്ഥം. മനുഷ്യന്റെ ആരോഗ്യത്തിലോ, സമ്പത്തിലോ സ്വഭാവത്തിലോ സാരമായ വിപത്തുണ്ടാക്കുന്ന എന്തിനേയും ഈയടിസ്ഥാനത്തിൽ ചീത്തവസ്തുക്കൾ എന്ന് വിവക്ഷിക്കാം. മനുഷ്യജീവിതത്തിന്റെ ഏതെങ്കലുമൊരു മേഖലയിൽ മോശമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന എന്തും ചീത്തവസ്തുക്കൾ എന്ന പൊതു പരിഗണനയിലാണ് ഉൾപ്പെടുക.
മറ്റു ജന്തുക്കളെ അപേക്ഷിച്ച്, മനുഷ്യ ശരീരത്തിന് കൂടുതൽ അപകടം വരുത്തുന്ന ഉപദ്രവകാരികളായ അണുക്കളെ വഹിക്കുന്നത് പന്നിയാണെന്ന് ആധുനിക വൈദ്യശാസ്ത്ര പഠനങ്ങൾ സ്ഥിരീകരിച്ചിട്ടുള്ളതാണ്. പാരാസൈറ്റിക് രോഗങ്ങൾ, ബാക്ടീരിയ രോഗങ്ങൾ, വൈറസ് രോഗങ്ങൾ, ഇതര പകർച്ചവ്യാധികൾ തുടങ്ങിയ സാരമായ വിപത്തുകൾ വരുത്തുന്ന രോഗാണുക്കളാണ് അവയിൽ ഭൂരിഭാഗവും.
പന്നി മുഖേന, ഇതും ഇതുപോലുള്ള മറ്റു രോഗങ്ങളും ഉണ്ടാകാമെന്ന വൈദ്യശാസ്ത്ര ഗവേഷണം അറിയിക്കുന്നത്, സർവ്വജ്ഞനായ റബ്ബ് പന്നിമാംസം ഭക്ഷിക്കുന്നത് നിഷിദ്ധമാക്കിയതിൽ മഹത്തായ യുക്തിയടങ്ങിയിട്ടുണ്ട് എന്നു തന്നെയാണ്. അതേ, നിർബന്ധമായും പരിരക്ഷിക്കപ്പെടണമെന്ന് മതമനുശാസിക്കുന്നു. അതിസുപ്രധാന കാര്യങ്ങളിലൊന്നായ ശാരീരീകാരോഗ്യത്തിന്റെ പരിപൂർണ്ണ സുരക്ഷ തന്നെയാകണം അതില ടങ്ങിയ യുക്തി.

അല്ലാഹുവാണ് കൂടുതലറിയുന്നവൻ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين